# സിനിമയിൽ കാണുന്നത് അല്ല ഐ.എ.എസ് ജീവിതം: ഡോ.ബി.അശോക്

Published on 20 Dec 2012

കൊച്ചി: സർക്കാർ സേവനം (ഐ.എ.എസ്, ഐപി എസ് തുടങ്ങിയവ) സിനിമയിൽ നിന്നും ഏറെ വ്യത്യസ്തമാണെന്നും ബുദ്ധികൂർമ്മതയെക്കാൾ ഉപരി ഈ രംഗത്ത് സ്ഥിരമായ പരിശ്രമം, പ്രതിബദ്ധത, കഠിനാദ്ധ്വാനം എന്നിവ അത്യാവ്യശ്യമാണെന്നും കേരള വെറ്റനറി ആൻഡ് അനിമൽ സയൻസ് സർവകലാശാല വൈസ് ചാൻസിലർ ഡോ.ബി. അശോക് ഐ എ എസ് അഭിപ്രായപ്പെട്ടു.

അമൃത സർവകലാശാലയുടെ ഇ-ലേണിംഗ് വിഭാഗമായ അമൃത ഇ-ലേണിംഗ് റിസർച്ച് ലാബിന്റെ ഓൺലൈൻ ഗുരുകുൽ എന്ന പരിപാടിയിൽ എവ്യൂ ഉപയോഗിച്ച് തത്സമയം കോളേജ് വിദ്യാർത്ഥികളുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

പഠനത്തിൽ മിടുക്കരായ കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടി അമൃത സർവകലാശാല തുടങ്ങിയ സൗജന്യ ഓൺലൈൻ വിദ്യാഭ്യാസ പരിപാടിയാണ് ഓൺലൈൻ ഗുരുകുല്. ചൊവ്വാഴ്ചകളിൽ വൈകിട്ട് 3 മണി മുതൽ 4 മണി വരെയാണ് ഓൺലൈൻ ക്ലാസുകള്. ഇപ്പോൾ കരിയർ സംബന്ധമായ ക്ലാസുകൾ ആണ് നൽകുന്നത്.

ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും വിദ്യാർഥികളെ പഠിപ്പിക്കാൻ ആദ്ധ്യാപകരെ സഹായിക്കുന്ന അത്യാധുനിക ഈലേണിംഗ് സോഫ്റ്റ്‌വെയർ ആണ് എവ്യൂ. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഇപ്പോൾ എവ്യൂ സൗജന്യമാണ്, ഏകദേശം 2000 ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ എവ്യൂ ഉപയോഗിക്കുന്നുണ്ട്.